I/86750/2023

ഭരണഭാഷമാതൃഭാഷ-

No:TCPTVM/133/2023-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: 21-02-2023

ടൗൺപ്ലാനർ
തിരുവനന്തപുരം,

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് - അനുവദിക്കുന്നു.

സൂചന : P.Krishnan Kutty & Chandrika.B എന്നിവർ 17.01.2023, 31.01.2023 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.

തിരുവനന്തപുരം നഗരസഭയിൽ നേമം വില്ലേജിൽ റീ സർവ്വേ നമ്പർ 510/28-ൽ ഉൾപ്പെട്ട 1.10 ആർ വസ്തുവിൽ 105.20m2 വിസ്തീർണമുള്ള ഇരുനില വാസഗൃഹ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷ യിൻമേൽ, സ.ഉ.(കൈ) നമ്പർ:179/2022/LSGD തീയതി: 8/08/2022, പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗമാപ്പിലെ പബ്ലിക്&അർദ്ധപബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ് വരു ത്തിക്കൊണ്ട്, ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, KMBR-2019-നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ഇതിനാൽ ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. നിർദ്ദിഷ്ട വസ്തുവിൻറെ ഉടമസ്ഥാവകാശം 08.08.2022 തീയതിയിലെ 179/ 2022/ LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നു ഉറപ്പ വരുത്തേണ്ടതാണ് .
2. നിർദ്ദിഷ്ട വസ്തുവിൻറെ അതിരുകൾ , അളവുകൾ, എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെ ട്ടുന്നില്ലെന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം ടി നിർമാണം അനുവ ദനീയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
3. കെ.എം.ബി.ആർ 2019 ചട്ടം 5(6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട്ട നിർമ്മാണം കെ .എം .ബി .ആർ 2019 നും

I/86750/2023

നാളിതുവരെയുള്ള ഭേദഗതിക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം .

4. നഗരസഭ / കോർപ്പറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം ആരംഭിക്കാവൂ.

5. കെ .എം .ബി .ആർ 2019 ചട്ടം 26 (8 ) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50 % കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ് .

6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.

7. നിർമ്മാണം കെ .എം .ബി .ആർ 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

8. നിർദിഷ്ട്ട നിർമ്മാണം വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ, വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.

9. മറ്റ് ഏജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .

10. നിർദിഷ്ട്ട വസ്തുവിന്റെ വടക്ക് - പടിഞ്ഞാറ് ഭാഗം consent side ആയിട്ടാണ് പ്ലാനിൽ രേഖപെടുത്തിയിട്ടുള്ളത്. ആയതിന്റെ രേഖകൾ എല്ലാം പരിശോധിച്ചതിന് ശേഷം consent ലഭ്യമായിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 21-02-2023 16:14:03

RAJESH T N

TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)

പകർപ്പ്: അപേക്ഷകൻ,(അറിവിലേയ്ക്കായി)

P.Krishnan Kutty & Chandrika.B,
T.C 52/8,Vayalarikathuveedu,
Ammaveedu Line,Karakkamandapam,
Nemom P.O, TVPM 695020